# ഭാരതീയ മനഃശാസ്ത്രം

## നിത്യചൈതന്യയതി



മനസ്സിന്റെ വ്യാപാരങ്ങളെ പഠിക്കുന്ന ശാസ്ത്രത്തിന് 'സൈക്കോളജി' എന്നു പേരിട്ടത് പാശ്ചാത്യരാണ്. പക്ഷേ ഇതിനും നൂറ്റാണ്ടുകൾക്കു മുമ്പേ ഭാരതീയഋഷിമാർ മനസ്സിനെ പഠിക്കുകയും ബോധത്തെ സമഗ്രമായി നവീകരിച്ച് പുതിയ മനുഷ്യനെ സൃഷ്ടിക്കുന്ന മനോവിശ്ലേഷണ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു. സൈക്കോളജി എന്ന വാക്കിൽ ഒതുക്കിനിർത്താവുന്നതല്ല അവരുടെ മനോവിജ്ഞാനീയം. 'ബോധശാസ്ത്രം' എന്ന പേരായിരിക്കും അതിനു കൂടുതൽ ഉചിതം. ഈ വിദ്യയെത്തന്നെയാണ് ആത്മവിദ്യ എന്ന് നൂറ്റാണ്ടുകളായി ഭാരതീയർ വിളിച്ചത്. ഭാരതീയന് ആത്മവിദ്യയും ബോധശാസ്ത്രവും രണ്ടല്ല. മനുഷ്യന്റെ എല്ലാ വൈജ്ഞാനിക പ്രവർത്തനങ്ങളുടെയും അധിഷ്ഠാനവിദ്യയാണ് ഇത്. ആ പ്രാചീനജ്ഞാനപദ്ധതിയെക്കുറിച്ചുള്ള സമഗ്രപഠനമാണ് ഈ ഗ്രന്ഥം.

**പഠനമനനങ്ങളിലൂടെ പാശ്ചാത്യമനഃശാസ്ത്രവും മനനസാധനകളിലൂടെ ഭാരതീയമനഃശാസ്ത്രവും ഉൾക്കൊണ്ട ഒരു സന്ന്യാസിവര്യന്റെ ഉജ്ജ്വലരചന!**


dcb ഡി സി ബുക്സ്

മനഃശാസ്ത്രം

ISBN 978-81-264-3186-1

00001

9 788126 431861

₹ 95.00



150.095 4 NIT/B

501


# നിത്യചൈതന്യയതി



# ഭാരതീയ മനഃശാസ്ത്രം


150.095 4 NIT/B

CASMTVK

501



dcb

**നിത്യചൈതന്യയതിയുടെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ**

നളിനി എന്ന കാവ്യശില്പം
മൂല്യങ്ങളുടെ കുഴമറിച്ചിൽ
ദൈവം സത്യമോ മിഥ്യയോ?
സത്യത്തിന്റെ മുഖങ്ങൾ
മനഃശാസ്ത്രം ജീവിതത്തിൽ
തത്ത്വമസി: തത്ത്വവും അനുഷ്ഠാനവും
ബൃഹദാരണ്യകോപനിഷത്ത്
യാത്ര
യതിചര്യ
ഭാരതീയ മനഃശാസ്ത്രത്തിന് ഒരാമുഖം
ഭഗവദ്ഗീതാ സ്വാദ്ധ്യായം
പ്രേമവും ഭക്തിയും
മഞ്ഞുതുള്ളി
മനഃശാസ്ത്രവും മനഃശാസ്ത്രജ്ഞന്മാരും
മറക്കാനാവാത്തവർ
സ്നേഹസംവാദം
ഹൃദയത്തിലെ ആരാധനാസൗഭഗം
ഭാരതീയ മനഃശാസ്ത്രം

നിത്യചൈതന്യയതി

# ഭാരതീയ മനഃശാസ്ത്രം

ഡി സി ബുക്സ്

College Of Avian Sciences & Management
501
LIBRARY
KVASU Thiruvazhamkunnu-678 601

Malayalam Language
**Bhāratheeya Manassāsthram**
Psychology
by **Nityachaithanyayati**
Rights Reserved
First Published August 1992
1st DCB Edition August 2011

*Cover Design*
A.A. Antu

*Publishers*
D C Books, Kottayam 686 001
Kerala State, India
website: www.dcbooks.com
e-mail: info@dcbooks.com
Online Bookstore: www.dcbookshop.net

*Distributors*
**D C Books-Current Books**

Export Sales D C Press (P) Ltd., Kottayam, Kerala

**D C Books Library Cataloguing in Publication Data**
Nityachaithanyayati.
Bharatheeya Manassasthram/Nityachaithanyayati
160p., 21cm.
ISBN 978-81-264-3186-1
1. Psychology. I. Title.
150.095 4-dc22

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-81-264-3186-1

Printed in India
at D C Press (P) Ltd., Kottayam 686 012

CURRENT BOOKS - The first Indian Book Publishing House to get ISO Certification

₹ 95.00

336/11-12-Sl.No. 11166-dcb. 4805-2000-2450-08-11-Spb. 18.1-p na-r(t) sd-d(t) sj

# ആമുഖം

മലയാളത്തിലും ഇംഗ്ലിഷിലും ഞാനെഴുതിയിട്ടുള്ള സാഹിത്യകൃതികൾപോലും മനഃശാസ്ത്രവിഷയങ്ങളെ പ്രത്യക്ഷമായോ പരോക്ഷമായോ പരാമർശിക്കുന്നവയാണ്. അവയിൽത്തന്നെ വേദാന്തപരിചയം, യോഗപരിചയം, ഭഗവദ്ഗീതാ സ്വാദ്ധ്യായം (ആറു വാല്യങ്ങൾ), തത്ത്വമസി-തത്ത്വവും അനുഷ്ഠാനവും, കലാസാഹിത്യസപര്യ, ഊർജ്ജതാണ്ഡവം, ആത്മോപദേശശതകം നൂറു ധ്യാനങ്ങൾ, സമ്യക്കായ ലോകവീക്ഷണം, കുടുംബശാന്തി-ഒരു മനഃശാസ്ത്രസാധന, ഈശാവാസ്യോപനിഷത്ത്, മാണ്ഡൂക്യോപനിഷത്ത് എന്നിവയുടെ ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ഭാഷ്യങ്ങൾ, മനഃശാസ്ത്രം ജീവിതത്തിൽ, ഭാരതീയ മനഃശാസ്ത്രത്തിന് ഒരാമുഖം എന്നീ പുസ്തകങ്ങളും ഇംഗ്ലീഷിലെഴുതിയ 'ദ ഭഗവദ്ഗീത', 'പ്രാണായാമ', 'സൈക്കോളജി-ആൻ ഈസ്റ്റേൺ പെർസ്പെക്റ്റീവ്', 'സൈക്കോളജി ഓഫ് ദർശനമാല' എന്നീ ഗ്രന്ഥങ്ങളും ഭാരതീയ മനഃശാസ്ത്രത്തിന്റെ നാനാമുഖങ്ങൾ വളരെ ഗൗരവത്തോടുകൂടിത്തന്നെ അവതരിപ്പിച്ചിട്ടുണ്ട്. ഇതെല്ലാം വായനക്കാർ സഹർഷം സ്വാഗതം ചെയ്യുമ്പോൾത്തന്നെ സമഗ്രമായ ഒരു ഭാരതീയ മനഃശാസ്ത്രത്തിനുവേണ്ടി കഴിഞ്ഞ അഞ്ച് വർഷമായി നിരന്തരം സമ്മർദം ചെലുത്തുന്നുണ്ടായിരുന്നു. അങ്ങനെ ഒരു പുസ്തകം ഞാൻ എഴുതേണ്ടതത്യാവശ്യമാണെന്ന് എന്റെ പ്രസാധകർക്കും തോന്നിയിരുന്നു.

സമഗ്രമായ ഭാരതീയ മനഃശാസ്ത്രം എഴുതുന്നതിന് ഞാൻ സർവത്ര ഉത്സുകനായിരുന്നെങ്കിലും, ഭാരതീയ ഗ്രന്ഥങ്ങളിൽ പല ആഴത്തിലും പരപ്പിലുമായി നിറഞ്ഞുകിടക്കുന്ന ഈ വിഷയത്തിന് അടുക്കും ചിട്ടയുമുണ്ടാക്കി അതിന് സമഗ്രത നൽകുക എന്നത് പ്രയാസമായിരുന്നു എന്നു മാത്രമല്ല, പലപ്പോഴും അസാദ്ധ്യമായിട്ടും തോന്നിയിരുന്നു. പാശ്ചാത്യർ ഏത് വിഷയത്തെയാണോ സൈക്കോളജി എന്ന് വിളിക്കുന്നത് അതിൽ തീരെ ഒതുക്കി നിറുത്താവുന്നതല്ല ഭാരതീയരുടെ ബോധശാസ്ത്രം. മനഃശാസ്ത്രം എന്ന പേരിൽ പുസ്തകങ്ങളുടെ രൂപത്തിലും ആനുകാലികങ്ങളിൽ ലേഖനങ്ങളായിട്ടും പണ്ഡിതന്മാരും അപണ്ഡിതന്മാരും തീരെ ഉത്തരവാദിത്വമില്ലാതെ എഴുതി പ്രസിദ്ധം ചെയ്തിട്ടുള്ള പല കൃതികളും മനഃശാസ്ത്രത്തെ വളരെ അശാസ്ത്രീയമാക്കുന്നതും ജുഗുപ്സാവഹമായ തലങ്ങളിലേക്ക് വലിച്ചുകൊണ്ടുപോകുന്നതും കാണുകയാൽ മനഃശാസ്ത്രം എന്ന വാക്കുതന്നെ എന്റെ മനസ്സിൽ കയ്പുണ്ടാക്കുന്നതായിത്തീർന്നു.

ഭാരതീയ മനഃശാസ്ത്രം എഴുതുകയാണെങ്കിൽ അതിന് സമഗ്രമായ ഭാരതീയ ബോധശാസ്ത്രം എന്ന് പേരിടണമെന്നുപോലും എനിക്ക്

# ഉള്ളടക്കം


സൈക്കോളജി എന്നാൽ മനഃശാസ്ത്രം 11

സൈക്കീയും മനസ്സും 11

ബോധശാസ്ത്രം കലയിലും സാഹിത്യത്തിലും 12

ആത്മാവിന് ഒരു ആലയം 13

ആത്മാവിലെ ആഗന്തുകമായ സോദ്ദേശ്യത 14

പ്രപഞ്ചസംവിധാനവും അതിന്റെ ദർപ്പണമായിരിക്കുന്ന മനസ്സും 15

ആത്മബോധവും വസ്തുബോധവും 17

സച്ചിദാനന്ദം: ശാരീരികമീമാംസയുടെയും ബോധശാസ്ത്രത്തിന്റെയും സമഗ്രമായ അധിഷ്ഠാനം 18

പ്രമാണമായി സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ 18

റാഷണലിസം 20

വിഷമയും വിശേഷവും 21

പേരും പ്രതിഭയും 22

വാക്ക് 23

പ്രമാതാവും പ്രമേയവും 25

ശബ്ദവും ആകാശവും 25

ശബ്ദവും നാദവും; സ്ഫോടവും ധ്വനിയും 28

മനസ്സും ചിത്തവും 30

സങ്കല്പം പാശ്ചാത്യദൃഷ്ടിയിൽ 31

വ്യഷ്ടിമനസ്സും സമഷ്ടിമനസ്സും 32

സങ്കല്പം ഭാരതീയ വീക്ഷണത്തിൽ 33

ബോധവും ശരീരവും 38

ഭ്രൂണത്തിന്റെ ഉല്പത്തിയും വികാസവും 40

ജനിതകത്തെപ്പറ്റി അല്പം 47

പാരസ്പര്യത്തിന്റെ യാന്ത്രികസംവിധാനം

ലിംഗശരീരവും വാസനയും സുഷുപ്തിയും 51

സംസ്കാരവും സങ്കല്പവും 54

സാംഖ്യം 60

വൈരുദ്ധ്യാത്മികതയും അനവസ്ഥയും 63

ആവിർഭാവം 64

പ്രകൃതിപരിണാമവും പ്രധാനവും 68

അനിവാര്യദുഃഖങ്ങളും നിവാര്യദുഃഖങ്ങളും 73
മഹത്തത്ത്വം 77
പരിണാമം 80
പഞ്ചീകരണം 81
ചിജ്ജഡസമന്വയം 82
യോഗം 84
ന്യായം-വൈശേഷികം 85
മീമാംസകൾ 87
വേദാന്തം 91
അധികാരം 93
ആത്മാവ് 95
ശാരീരികം 97
അധികാരി, വിധി 100
വാക്യവൃത്തി 102
സത്തും അസത്തും 103
വേദം 105
ധർമ്മം 107
അർത്ഥം 112
സ്വധർമ്മനിശ്ചയം 112
ഭൂത ഭൗതികത 114
കർത്തവ്യകർമ്മം 116
സ്വഭാവം 116
മാംക്സിംഗോർക്കി 118
ക്ഷരമായ ലോകവും അക്ഷരപ്രപഞ്ചവും 122
സത്യനിർണ്ണയം 126
ഇന്ദ്രിയപ്രത്യക്ഷം 132
ആത്മാവ്-വസ്തു-ബോധം 134
അഹംബുദ്ധി 136
വ്യക്തിത്വവും പ്രകൃതിയും 139
വ്യക്തിയുടെ തനിമ (Identity) 139
അറിവും ആത്മാവും 140
ഉപസംഹാരം 143
*അനുബന്ധം*
പദാർത്ഥസൂചിക 145
നാമസൂചിക 155
Bibliography 156

## 1. സൈക്കോളജി എന്നാൽ മനഃശാസ്ത്രം

ഗ്രീക്ക് ഭാഷയിലെ 'സൈക്കീ' എന്ന വാക്കിൽനിന്നാണ് സൈക്കോളജി എന്ന പേരു വന്നിട്ടുള്ളത്. സൈക്കീ എന്നു പറഞ്ഞാൽ പ്രാണൻ, ജീവൻ, ജീവാത്മാവ്, ആത്മത്വം, ആത്മാവ്, പുരുഷൻ എന്നെല്ലാം അർത്ഥമുണ്ട്. ഈ ലക്ഷണങ്ങളെല്ലാം ബോധമുള്ള ജീവികളിൽ കാണുന്നു. ബോധത്തെ പൊതുവേ മനസ്സെന്ന് വ്യവഹരിക്കുന്നതുകൊണ്ട് ഞങ്ങൾ ഈ പുസ്തകത്തിന് മനഃശാസ്ത്രം എന്നു പേര് കൊടുത്തിരിക്കുന്നു. ഇതിലെ മുഖ്യമായ തത്ത്വാവിഷ്കാരം ഭാരതീയ ഋഷിമാരെയും ശാസ്ത്രജ്ഞൻമാരെയും പിൻപറ്റി നടത്തിയിട്ടുള്ളതാകയാൽ ഞങ്ങൾ പുസ്തകത്തിൻെറ പേരിൻെറ കൂടെ ഭാരതീയം എന്നുകൂടി ചേർത്തിട്ടുണ്ട്. സമഗ്രം എന്നു കൂടി ചേർക്കാൻ കാരണം ഭാരതീയമനഃശാസ്ത്രത്തിൽ പാശ്ചാത്യവും വിദൂര പൗരസ്ത്യവുമായ ചില പഠനങ്ങൾകൂടി ഉൾപ്പെടുത്തേണ്ടി വന്നിട്ടുള്ളതിനാലാണ്. എങ്കിൽ മാത്രമേ മനഃശാസ്ത്രം സമഗ്രമായി പ്രതിപാദിക്കുവാൻ കഴിയുകയുള്ളൂ.

## 2. സൈക്കീയും മനസ്സും

നമ്മുടെ ബോധജീവിതത്തിൽ മുഖ്യമായി കാണുന്നത് ജനനം മുതൽ മരണംവരെ പ്രാണശക്തി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതാണ്. ആ പ്രാണനെ ആര് ഉത്പാദനം ചെയ്യുന്നു, ആര് ചാലനം ചെയ്യുന്നു, ആര് നിയന്ത്രിക്കുന്നു എന്ന് നാം വ്യക്തമായി അറിയുന്നില്ല. എല്ലാവരിലും സഹജമായി നടക്കുന്ന കാര്യമാണ് പ്രാണനം. പ്രാണനം നടക്കുന്നു എന്ന വസ്തുത ബോധത്തിൻെറ അന്തർധാരയായി ഇരിക്കുന്നുണ്ട്. എന്നിരുന്നാലും ശ്വാസപ്രശ്വാസം ചെയ്യുന്നത് സഹജമായിരിക്കുകയാൽ പലപ്പോഴും അങ്ങനെ ഒരു ക്രിയ താൻ ചെയ്യുന്നതായി അറിയുന്നതേയില്ല. ഇപ്രകാരം ബോധത്തോടുകൂടിയും ബോധമില്ലാതെയും നമ്മിൽ ചേതനയായിരിക്കുന്ന ശക്തിയെ സൈക്കീ എന്ന് പറയുന്നു. സൈക്കീ എന്നു പറഞ്ഞാൽ ജീവതന്ത്രപ്രധാനമായ ചേതന എന്നു ചുരുക്കത്തിൽ പറയാം. ജീവൻ ഭാഗികമായിമാത്രം നമുക്ക് വെളിപ്പെടുകയും മുഖ്യമായി ബോധത്തിൽനിന്ന് മറഞ്ഞിരിക്കുകയും ചെയ്യുന്നു. അതുപോലെയാണ് സൈക്കീയും പ്രവർത്തിക്കുന്നത്. ശുദ്ധമായ അറിവിൽനിന്ന് സോപാധികമായ അറിവിലേക്ക് സംക്രമിച്ചുകൊണ്ടിരിക്കുന്ന ബോധത്തെ ചിദാത്മാവ് എന്നും ജീവാത്മാവ് എന്നും വേദാന്തികൾ പറഞ്ഞുപോരുന്നു. അത് ജീവികളിൽ നാനാതരത്തിൽ പ്രകാശിച്ചുകാണുന്നുണ്ടെങ്കിലും അതിന് അടിസ്ഥാനപരമായ സമാനലക്ഷണമുള്ളതുകൊണ്ട് എല്ലാ ജീവജാല